# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.142

02.03.2020 ൽ മറുപടിയ്ക്ക്

## നിരത്തുകളിൽ ക്യാമറ സ്ഥാപിക്കൽ

| | ചോദ്യം<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | നിരത്തുകളിൽ ക്യാമറ ശൃംഖല തീർത്ത് ഗതാഗത നിയമലംഘനങ്ങൾക്ക് പിഴ ചുമത്താനുള്ള പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) യും (ബി) യും | ഉണ്ട്.<br>BOOT (Build Own Operate Transfer) മാതൃകയിൽ നടപ്പിലാക്കുവാനാണ് നിർദ്ദേശം. പദ്ധതി നടപ്പാക്കി വരുമ്പോൾ മാത്രമേ കൃത്യമായി തുക അറിയുവാൻ കഴിയുകയുള്ളൂ. |
| (ബി) | എത്ര രൂപയുടെ പദ്ധതിയാണിതെന്ന് വ്യക്തമാക്കാമോ; | | |
| (സി) | എത്ര സ്ഥലങ്ങളിൽ എത്ര ക്യാമറകളാണ് സ്ഥാപിക്കുന്നതെന്നും ഓരോ ക്യാമറയും സ്ഥാപിക്കാനുള്ള ചെലവ് എത്രയാണെന്നും വ്യക്തമാക്കാമോ; | (സി) | ഈ പദ്ധതിയുടെ ഭാഗമായി 200 സ്പീഡ് വൈലേഷൻ ഡിറ്റക്ഷൻ സിസ്റ്റംസ് (SVDS), 400 എ.ഐ ക്യാമറ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടിസ്ഥാനമാക്കിയുള്ള എൻഫോഴ്സ്മെന്റ് സിസ്റ്റം, 60 മൊബൈൽ സ്പീഡ് വൈലേഷൻ ഡിറ്റക്ഷൻ സിസ്റ്റംസ് വിത്ത് വെഹിക്കിൾസ്, 30 റെഡ്-ലൈറ്റ് വൈലേഷൻ ഡിറ്റക്ഷൻ സിസ്റ്റംസ് (RLVD), 100 ഹെൽമറ്റ് ആബ്സൻസ് ഡിറ്റക്ഷൻസ് സിസ്റ്റംസ് (HADS) എന്നിവ സ്ഥാപിച്ച് ഏകോപിപ്പിക്കുവാൻ വിഭാവനം ചെയ്തിട്ടുണ്ട്. സ്പീഡ് വൈലേഷൻ ഡിറ്റക്ഷൻ സിസ്റ്റംസ് ക്യാമറകൾ ഏകദേശം 175 സ്ഥലങ്ങളിൽ സ്ഥാപിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതി നടപ്പിലാക്കുമ്പോൾ മാത്രമേ ഒരോ ക്യാമറയും സ്ഥാപിക്കുന്നതിനുള്ള ചെലവ് പ്രത്യേകം അറിയാൻ സാധിക്കുകയുള്ളൂ. |
| (ഡി) | ഇതിന്റെ കരാർ നൽകുന്നത് സാങ്കേതിക സമിതിയാണോ; ഈ സമിതിയുടെ യോഗത്തിൽ കടുത്ത ഭിന്നത ഉയർന്നത് കാരണം പദ്ധതി സ്തംഭനാവസ്ഥയിലാണെന്ന ആക്ഷേപം ശരിയാണോ; | (ഡി) | ഈ പദ്ധതിയുടെ ടെണ്ടർ നടപടികൾ വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി, ADGP (Crime Branch) ചെയർമാനായ സാങ്കേതിക സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി നടപടികൾ സ്വീകരിച്ചു വരികയുമാണ്. |

| | | | |
|---|---|---|---|
| (ഇ) | സാങ്കേതിക സമിതിയിലെ അംഗങ്ങൾ ആരൊക്കെയാണെന്നും ഈ സമിതി രൂപീകരിച്ചതിന്റെ മാനദണ്ഡമെന്താണെന്നും വ്യക്തമാക്കാമോ? | (ഇ) | സാങ്കേതിക സമിതിയിലെ അംഗങ്ങൾ ചുവടെ ചേർത്തിട്ടുള്ളവരാണ്.<br>1. Additional Director General of Police (Crime Branch)- Chairman<br>2. Inspector General of Police (Social Policing and Traffic)- Member<br>3. Deputy Inspector General of Police, APBn- Member<br>4. Superintendent of Police Traffic (South)- Member<br>5. Asst. Commissioner of Police, Traffic (South), TVPM City- Member<br>6. Representative of Transport Commissioner- Member<br>7. Representative of Dir. NATPAC- Member<br>8. Representative of KSTP- Member<br>9. Representative of C-DAC- Member<br>10. Representative of IT Mission- Member<br>ട്രാഫിക് മേഖലയിൽ പ്രവർത്തി പരിചയമുള്ളവരും, ഇതുമായി ബന്ധപ്പെട്ട് മറ്റ് വകുപ്പ്/സർക്കാർ ഏജൻസികളിലെ പ്രതിനിധികളുമാണ് പ്രസ്തുത സമിതിയിൽ ഉണ്ടായിരുന്നത്. |

**സെക്ഷൻ ഓഫീസർ**